Registered No. M-4485.

UNIVERSITY ... 10 FEB 1946 MADRAS

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 ആഗസ്റ്റ് 1-ാംനു, വെള്ളിയാഴ്ച [ലക്കം 5



കേണൽ നോക്സ്

## ശാന്ത സമുദ്ര യുദ്ധം

ശാന്തസമുദ്രത്തിലെ യുദ്ധം പ്രാധാന്യേന ഒരു സമുദ്രയുദ്ധമാകുന്നു. എന്നാൽ ഇതു് അതിഭയങ്കരവും, ഏററവും ശക്തന്മാരായ ശത്രുക്കളുടെ നേരെ നടത്തേണ്ടതായ ഒരു പോരും ആണു്. ശത്രുക്കൾക്കു ശാന്തസമുദ്രത്തിന്റെ എല്ലാ അരുകും മുക്കും അറിയുമെന്നുമാത്രമല്ല, അവർ അതിനിഷ്ഠുരന്മാരും, മരണഭയമില്ലാതെ യുദ്ധം ചെയ്യുന്നവരുമാകുന്നു. ബ്രിട്ടൺ അന്തർവാഹിനിയായിട്ടുള്ള യുദ്ധം അത്‌ലാന്തിക്കു സമുദ്രത്തിൽ വെച്ചാണു് നടത്തുന്നതു്; അമേരിക്കയാകട്ടെ ഈ യുദ്ധം ചെയ്യുന്നതു് ശാന്തസമുദ്രത്തിലുമാണു്. ഇതേവരെയായി, ജാപ്പാന്റെ കടൽസൈന്യശക്തിയുടെ മൂന്നിലൊന്നു നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇന്നത്തെ സ്ഥിതി പറകയാണെങ്കിൽ ബ്രിട്ടനും അമേരിക്കയും കൂടി ലോകത്തിലെ ഏഴു സമുദ്രങ്ങളിലും ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞു. അവരെ ഇക്കാര്യത്തിൽ വെല്ലുവിളിക്കുവാൻ ആരുമില്ലെന്നു തീർച്ച പറയാം. ഇതനുസരിച്ചു് അവർക്കു വിമാനസൈന്യശക്തിയും വർദ്ധിച്ചിട്ടുണ്ടു്. ഈ രണ്ടു ശക്തിയേയും ആശ്രയിച്ചാണു് ലോകരംഗത്തിലെ ആധിപത്യവും നിലനില്ക്കുന്നതു്.

—കേണൽ നോക്സ്, അമേരിക്കൻ കടൽസൈന്യ മന്ത്രി, സെപ്റ്റെമ്പർ 24-ാം തിയ്യതി ചെയ്ത പ്രസ്താവന

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ശാന്ത സമുദ്ര യുദ്ധം .. .. .. .. | 1 | പട്ടാളത്തിലേക്കു തിരഞ്ഞെടുപ്പ് .. .. .. | 5, 6 |
| അഭിപ്രായങ്ങൾ .. .. .. .. | 2 | ഈയാഴ്ച : യുദ്ധരംഗങ്ങൾ .. .. .. | 7 |
| സംക്ഷിപ്ത വാർത്താ വിവരണം .. .. .. | 3 | യുദ്ധത്തിന്റെ സാമ്പത്തിക മുഖങ്ങൾ .. .. | 8, 9 |
| ബാൾക്കൻസ് : സ്വാതന്ത്ര്യത്തിന്റെ ജന്മഭൂമി .. | 4 | ചിത്രം .. .. .. .. .. .. | 10 |


"ഇന്ത്യക്കു ഞാൻ പോകുന്നതു് അവിടത്തെ സ്ഥിതിയുടെ ഗൌരവം വേണ്ടപോലെ മനസ്സിലാക്കീട്ടാണു്. ഇതേവരെ ഇന്ത്യക്ക് വിദേശശക്തികളുടെ ആക്രമണം വന്നാൽ അതിനെ തടുക്കേണമെന്നുള്ള ഒരു പ്രാരബ്ധമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇവിടുന്നങ്ങോട്ട് ഇന്ത്യയാണു് ഐക്യകക്ഷികളുടെ സഹായത്തോടുകൂടി ജപ്പാന്റെ നേരെ യുദ്ധാക്രമണം ആരംഭിക്കുന്നതു്. ഐക്യകക്ഷികൾക്ക് ഇന്ത്യ ഇതേവരെ ചെയ്ത സഹായം മറക്കാവതല്ല; ഈ സഹായങ്ങൾ യുദ്ധത്തിന്റെ അവസാനം വരേക്കും ഉണ്ടാവുന്നതുമാണു്. എന്നാൽ ഇന്നു് ഇന്ത്യയുടെ ധനസ്ഥിതിക്കും, ഗതാഗതസൌകര്യത്തിനും വന്നിട്ടുള്ള ഭാരം നാം പ്രത്യേകം അറിയണം. കഴിയുന്നതും ഇനിമേലിൽ ഇന്ത്യയുടെ മേൽ വലിയ ഭാരങ്ങൾ ചുമത്താതിരിക്കുകയും വേണം. അടുത്ത കുറച്ചു വർഷങ്ങൾ ഇന്ത്യയുടെ ഭാവിയിൽ വളരെ ഇരുളടഞ്ഞതായിരിക്കും. ഞാൻ ഇന്ത്യക്ക് പോകുന്നതു് എന്റെ ചുമതലയെ ഏററവും ഗൌരവമാണെന്നു് കരുതികൊണ്ടാണു്. പക്ഷെ ഇന്ത്യയുടെ ഭാവി ശോഭനമായിത്തന്നെയാണു് ഞാൻ കാണുന്നതു്. ഇന്ത്യൻ നേതാക്കന്മാർ ന്യായമായ വഴി സ്വീകരിക്കേണമെന്നേ ഉള്ളു."

—വേവൽ പ്രഭു, സെപ്തേമ്പർ 23-ാം തിയ്യതി ചെയ്ത പ്രസംഗത്തിൽനിന്നു്.

"മേലിൽ ഇററലിക്കാരുടെ വാക്കിനെ ഒരു മനുഷ്യൻ വിശ്വസിക്കയില്ല. അടുത്തു കഴിഞ്ഞ സംഭവങ്ങൾ ഓരോന്നും ആലോചിക്കുകയാണെങ്കിൽ ലോകത്തിൽ യാതൊരാൾക്കും നമ്മോടു് ബന്ധുത കാംക്ഷിക്കുവാനൊ, സന്ധിചെയ്വാനൊ വളരെ വിഷമമായിരിക്കും."

—മാർഷൽ റൂഡോൾഫ് ഗ്രേസിയാനി, മുസ്സോളിനി പുതുതായി രൂപീകരിച്ച ഭരണത്തിലുള്ള സൈന്യകാര്യ മന്ത്രി.

"മഹത്താദർശങ്ങൾ ലോകത്തിൽ കളിയാടുന്നു; മനുഷ്യഹൃദയം തുടിക്കുന്നു; സ്വഗൃഹങ്ങളിലുള്ള സുഖവാസവും, സൌകര്യങ്ങളും, സ്വത്തുക്കളും സ്വേച്ഛയാ ഉപേക്ഷിച്ചു മനുഷ്യൻ ആദർശങ്ങളാൽ ആകർഷിക്കപ്പെട്ടവനായിത്തീരുന്നു. അവയുടെ ശക്തിയേയും ഘോരസുന്ദരതയേയും അവന്നു് തടുപ്പാൻ സാധിക്കാതെ വന്നുചേരുന്നു. ഇങ്ങിനെയുള്ള ഘട്ടത്തിലാണു് നാം ദേഹമല്ലെന്നും, ദേഹികളാണെന്നും നമുക്കു ബോദ്ധ്യം വരുന്നതു്. ഇങ്ങിനെയുള്ള ഘട്ടത്തിലാണു് കാലദേശാവസ്ഥകൾക്കുള്ളിലും, അവക്കു അതീതമായും എന്തെല്ലാമോ നടക്കുന്നുണ്ടെന്നു് നമുക്കറിയാറാകുന്നതു്. നമുക്കു ഹിതമാണെങ്കിലും അല്ലെങ്കിലും ഈ ഘട്ടത്തിൽ ചിലതു് ചെയ്യേണ്ടതു് നമ്മുടെ മുറയാണെന്നു് തോന്നിപ്പോകുന്നു."

[മി. ചർച്ചിൽ 1941 ജൂൻ 16-ാം തിയ്യതി അമേരിക്കക്കയച്ച ഒരു ആകാശവാണി സന്ദേശത്തിൽനിന്നു്]

## പ്രതിവാരചിന്തകൾ

# സംക്ഷിപ്ത വാർത്താവിവരണം

**സ്മോളൻസ്ക്**

കഴിഞ്ഞ ശനിയാഴ്ച, സപ്തെമ്പർ 25-ാം തിയ്യതി റഷ്യൻ സൈന്യം സ്മോളൻസ്ക് നഗരി പിടിച്ചിരിക്കുന്നു. ഈ ചരിത്രപ്രസിദ്ധമായ റഷ്യൻനഗരി ജർമ്മൻകാർ 1941 സപ്തെമ്പർ മാസത്തിൽ അവരുടെ ആദ്യത്തെ കയററത്തിൽ, റഷ്യക്കാരുടെ വക്കൽനിന്നു പിടിച്ചെടുത്തതാകുന്നു. റഷ്യക്കാരുടെ ഈ വിജയം ഒരു മഹാവിജയമായി കരുതാതെ കഴികയില്ല. ജർമ്മൻ സൈന്യത്തിന്നു വേണ്ട സർവ്വസ്വവും ഇടവിടാതെ എത്തിച്ചുകൊടുക്കേണ്ടതിന്നു ഒരു വലുതായ കലവറയും, ഒരു വലിയ ജർമ്മൻ സൈന്യസങ്കേതവുമായിരുന്നു ഇതു്. സ്മോളൻസ്ക് കയ്യിൽനിന്നു പോയതോടു കൂടി ജർമ്മൻകാരുടെ ശക്തിക്കു റഷ്യൻ രംഗത്തിൽ വളരെ ഉടവു തട്ടീട്ടുണ്ടു്. ഇപ്പോൾ സ്മോളൻസ്കിൽനിന്നു ക്യൂബൻ പ്രദേശം വരെയുള്ള 800 നാഴിക വിസ്താരത്തിലുള്ള യുദ്ധരംഗത്തിൽനിന്നു ഒന്നായി ജർമ്മൻ സൈന്യം പിൻവലിക്കാൻ തുടങ്ങിയിരിക്കുന്നു. സ്മോളൻസ്ക് പിടിച്ചതുപോലെതന്നെ മററനേകം പ്രധാനപ്പെട്ട റഷ്യൻ നഗരികളും ഇപ്പോൾ റഷ്യക്കാരുടെ കൈവശം വന്നതിന്നുപുറമെ, യൂക്കറൈൻ പ്രദേശത്തിന്റെ തലസ്ഥാനനഗരിയായ കീവ് അധികം താമസിയാതെ റഷ്യയുടെ കൈവശം തന്നെ വന്നുചേരുന്നതാണ്. ഇപ്പോൾ റഷ്യൻ സൈന്യം നിപ്പർ നദിയുടെ കിഴക്കെ തീരത്തെത്തിക്കഴിഞ്ഞു. ചില സ്ഥലങ്ങളിൽ പടിഞ്ഞാറെ തീരത്തും കടന്നിട്ടുണ്ടത്രെ.

**ത്രിമൂർത്തി യോഗം**

സപ്തെമ്പർ 27-ാം തിയ്യതി ശത്രുപക്ഷ രാജ്യങ്ങൾക്കു ഒരു സുദിനമായിരുന്നു. അന്നു് ജർമ്മനിയും, ഇററലിയും, ജാപ്പാനും കൂടി ലോകത്തെ ഒട്ടാകെ മർദ്ദിക്കുവാൻ കരാറു ചെയ്തു സന്ധിയിൽ ഒപ്പിട്ട ദിവസത്തിന്റെ മൂന്നാം വാർഷികദിനമായിരുന്നു. ഇററലി ഇപ്പോൾ ഈ സംഘത്തിൽനിന്നു വിട്ടുപോയെങ്കിലും ബാക്കിയുള്ള രണ്ടു കൂട്ടരുടെയും സൌഹാർദ്ദത്തിന്നു യാതൊരു കുറവും ഇല്ല. ജാപ്പാനും ജർമ്മനിയും അന്യോന്യം സൌഹാർദ്ദ നിലയിൽ അഭിനന്ദിക്കുകയും, ഇരുവരുടെയും പരാക്രമങ്ങളെ അന്യോന്യം സ്തുതിക്കുകയും, ഭാവിയിൽ ഇരുവർക്കും വിജയം വരാതിരിക്കയില്ലെന്നു ആശംസിക്കുകയും ചെയ്തിരിക്കുന്നു. ഈ ഗോഷ്ടിയെല്ലാം ഇവർ കാട്ടുമ്പോൾ വിധി യഥാർത്ഥത്തിൽ ചിരിക്കുന്നില്ലെ? ഇനിമേലിൽ ഇവർക്കു ഈ അഭിനന്ദനത്തിന്നു സാദ്ധ്യമല്ലെന്നു വിധി തന്റെ വിധിന്യായം എഴുതിക്കഴിഞ്ഞിട്ടില്ലെ? ആരെന്തെഴുതിയാലെന്താണു്, ഇവർക്കെന്താണു് നഷ്ടം? തോററാൽ തോലിയും ജയിച്ചാൽ ജയവുമില്ലാതെ ഒരു തരക്കാരല്ലെ ഇവർ? അന്യനെ ഭീഷണിപ്പെടുത്തി ജീവിച്ചുകൊള്ളാമെന്നു വെച്ചു് ഇറങ്ങിയ ഈ കൊള്ളക്കാർക്കെന്തു പരാജയമാണു്? പരാജയം വരികയാണെങ്കിൽ അതു് ജർമ്മനിയുടെയും ജാപ്പാന്റെയും ജനതക്കല്ലെ? ഈ സ്ഥിതിക്കു യുദ്ധാവസാനത്തിൽ ശിക്ഷ കല്പിക്കുന്നതു് ലോകസമാധാനം തകരാറാക്കിയ ഈ വ്യക്തികൾക്കു തന്നെയായിരിക്കണം. അല്ലാത്തപക്ഷം അവർ വാർഷികോത്സവം കൊണ്ടാടുവാനുള്ള സന്ദർഭം ഇനിയും ഉണ്ടാക്കിതീർക്കും.

**1940 സപ്തെമ്പർ 27-ാം തിയ്യതി**

കൊല്ലം 1940 സപ്തെമ്പർ 27-ാം തിയ്യതിയാണു് ഈ ത്രിമൂർത്തികൾ തമ്മിൽ ആദ്യം കരാറു ചെയ്തതു്. ഈ കരാറിന്റെ സമ്പ്രദായം വേണ്ടപോലെ മനസ്സിരുത്തണം. ദുർബ്ബലന്മാരായ മൂന്നു രാഷ്ട്രങ്ങൾ ദുഷ്ടന്മാരായവരുടെ മുഷ്ക്കു് സഹിക്കാൻ വയ്യാതായി, ആത്മരക്ഷക്കുവേണ്ടി ചെയ്ത കരാറല്ലാ ഇതു്. ധിക്കാരബുദ്ധി അടക്കുവാൻ സാധിക്കാതെ മൂന്നാളും കൂടി ലോകത്തിനെ മർദ്ദിക്കുവാൻ കരാറു ചെയ്തതാണു്. ആളുകൾ ഇടക്കു ഒററക്കു പോയി കക്കാറുണ്ടു്. കണ്ടു പിടിക്കാറുണ്ടു; തല്ലുകൊള്ളാറുമുണ്ടു്. എന്നാൽ ഇത്തരക്കാർ പത്താളുകൾ കൂടി കളവു നടത്തുവാൻ ഒരു സംഘം ചേൎന്നു ആ സംഘത്തെ റജിസ്റ്റർ ചെയ്യാറുണ്ടോ? മദാന്ധന്മാർക്കു എന്താണു് കാട്ടാൻ വയ്യാത്തതു്? ഇതുപോലെത്തന്നെയാണു് ആൻറികോമിൻേറൺ പാക്ക്ററ് എന്നൊരു കരാറും ഉണ്ടായതു്. റഷ്യയെ തൊലക്കുവാൻ ഒരു സംഘം ചേൎന്നു അതു റജിസ്റ്റർ ചെയ്യുക! ആൻറികോമിൻേറൺ പാക്ക്ററിന്റെ തത്വം അതായിരുന്നു. മൂന്നാമതൊരു കരാറും ഇവർ തമ്മിൽ ഉണ്ടായിട്ടുണ്ടു്. അതു 1943 ജനവരി 21-ാം തിയ്യതിയായിരുന്നു. ഇതു ഈ മൂന്നു രാക്ഷസവർഗ്ഗങ്ങളും കൂടി സാമ്പത്തികമായ സഹകരണത്തിന്നുള്ള കരാറായിരുന്നു. ധിക്കാരബുദ്ധി ഇത്ര ജാസ്തിയായി ഒരിക്കലും മനുഷ്യസമുദായത്തിൽ അനുവദിച്ചുകൂടാ. ഇതിനെ സ്ഥിരമായി അമർച്ച ചെയ്യാത്തപക്ഷം ലോകത്തിൽ സമാധാനമുണ്ടാകുന്നതല്ല.

**ഫോഗിയാ**

ഐക്യകക്ഷി സൈന്യങ്ങൾക്കു ഇററലിയിൽ ഏററവും അഭിലാഷണീയമായ പുരോഗതിതന്നെയാണു്. അവർ വെച്ചടി പിന്നോക്കം വലിക്കുന്നില്ലെന്നുമാത്രമല്ല, അടുത്തവസരത്തിൽ അവർക്കു കൈവന്ന ഒരു വിജയം ഇററലിയുടെ കിഴക്കൻ സമുദ്രക്കരക്കു കിടക്കുന്ന

(ശേഷം 9-ാം പേജിൽ)

# ബാൾക്കൻസ്: സ്വാതന്ത്ര്യത്തിൻെറ ജന്മഭൂമി

## ഹിററ്ലർ ഇരിക്കുന്ന വെടിമരുന്നറ

യൂറോപ്പിൽ സ്വാതന്ത്ര്യസമരം ദിനംപ്രതി വർദ്ധിച്ചുവരുന്നു. ഹിററ്ലർ പിടിച്ചടക്കിയ സർവ്വ രാജ്യങ്ങളിലും ഇതു് പ്രത്യക്ഷമായിത്തുടങ്ങി. ഇതിൽ ഏററവും ശക്തിയായി തുടങ്ങിയിരിക്കുന്നതു് യൂറോപ്പിൻെറ തെക്കുകിഴക്കൻ പ്രദേശത്തുള്ള ബാൾക്കൻ രാജ്യങ്ങളിലാണു്. ബാൾക്കൻ രാജ്യങ്ങളിൽ ഏററവും ശക്തിയായ സ്വാതന്ത്ര്യസമരം യൂഗോസ്ലേവിയായിലുമാണു്.

ബർലിൻ, റോം എന്നീ രണ്ടു തലസ്ഥാന നഗരികളേയുംകൂടി മുറുക്കി വലിച്ചു് കലച്ചിരുന്ന ഒരു വില്ലായിരുന്നു ലോകത്തിനെ കിടുകിടെ വിറപ്പിക്കുവാൻ ഹിററ്ലർ ഇതുവരെ ഉപയോഗിച്ചിരുന്നതു്. കഴിഞ്ഞ ജൂലായി 25-ാം തിയ്യതി മുസ്സോളിനി ഗളഹസ്തനായതിന്നു ശേഷം വില്ലിൻെറ മുറുക്കം വളരെ കുറഞ്ഞു. സെപ്തേമ്പർ 8-ാം തിയ്യതി ഇററലി ഐക്യകക്ഷികൾക്കു് കീഴടങ്ങിയതോടുകൂടി വില്ലു് രണ്ടു കഷ്ണമായി. വില്ലു് മുറിഞ്ഞതിൻെറ മാറെറാലി ഇററലിയിൽ മാത്രമല്ലാ ഉണ്ടായുള്ളു. ഈ യുദ്ധംകൊണ്ടു് ഭീതിയിൽപെട്ട സർവ്വ രാജ്യങ്ങളിലും അതിൻെറ പ്രതിദ്ധ്വനിയുണ്ടായി. പ്രത്യേകിച്ചു് ഉശിരും ആണത്വവും ധാരാളം ഉള്ള ജനസമുദായങ്ങളിൽ ഇതിൻെറ പ്രതിധ്വനി ഏററവും അധികം കേൾക്കാറായി. ഹിററ്ലറാകട്ടെ, വില്ലു് മുറിഞ്ഞതുകൊണ്ടു് പരാജയം സമ്മതിക്കുന്നില്ല. ആയുധം പോയാലും ആയാളുടെ മട്ടനത്തിൽ പെട്ടിരിക്കുന്ന രാജ്യങ്ങളോടുള്ള ധ്വംസനബുദ്ധിക്കു യാതൊരു കുറവുമില്ല. "ഇററലി പോയിയെന്നു വിചാരിച്ചു് നിങ്ങളാരും കളിക്കേണ്ടാ. ഞാൻ എല്ലാവരുടെയും മൂക്കു് അരിഞ്ഞുകളയും" എന്നാണു് ഹിററ്ലർ തൻെറ അടിമ രാജ്യങ്ങളോടു പറയുന്നതു്. ഇററലി വിശ്വാസവഞ്ചന ചെയ്തു; എന്നിട്ടെന്തെ ഇപ്പോൾ കാര്യമുണ്ടായതു്? സ്വാതന്ത്ര്യം നേടുവാൻ സാധിച്ചുവോ? എന്നാണു് ഹിററ്ലരുടെ ന്യായം.

### ഹംഗേറി

ഈ വിധത്തിൽ തൻെറ അടിമരാജ്യങ്ങളെയെല്ലാം ഹിററ്ലർ ഭീഷണി എടുപ്പിക്കുന്നുണ്ടെങ്കിലും അവരെല്ലാവരും വളരെ കലക്കം ബാധിച്ച ഒരു സ്ഥിതിയിലാണു് ഇന്നെത്തിയിരിക്കുന്നതു്. ഹംഗേറിയിലെ സ്ഥിതിയൊന്നു് നോക്കണം. യുദ്ധം ആരംഭിക്കുന്ന ഘട്ടത്തിൽ ഹംഗേറി യാതൊരു ശങ്കയും കൂടാതെ ജർമ്മൻ കക്ഷിയിലാണു്. , ഇതിന്നു ചില അനുഭവങ്ങൾ ഉണ്ടായില്ലെന്നില്ല. 1938 നവെമ്പർ മാസത്തിൽ ഹംഗേറിക്കു് തൊട്ടു കിടക്കുന്ന ചെക്കോസ്ലോവേക്കിയായുടെ അതൃത്തിപ്രദേശം കിട്ടുവാൻ സാധിച്ചു. 1939 മാർച്ചു് മാസത്തിൽ രൂത്ത്നിയാ പ്രദേശവും ഹംഗേറിക്കു് കിട്ടി. 1939 ഫിബ്രവരി മാസത്തിൽ റഷ്യക്കു വിരോധമായി ജർമ്മനിയും, ഇററലിയും, ജാപ്പാനുംകൂടി ഉണ്ടായ കരാറിൽ ഹംഗേറി ഒപ്പുവെച്ചു. 1940 നവെമ്പർ മാസത്തിൽ ഈ ത്രിമൂർത്തികൾ ചെയ്ത മറെറാരു കരാറിലും ഹംഗേറി ഒപ്പുവെച്ചു. ഇതിന്നു പ്രതിഫലമായി റുമേനിയായുടെ വക്കൽനിന്നു് ട്രാൻസിൽവേനിയായെന്നൊരു സ്ഥലം ഹംഗേറിക്കു് വന്നുചേൻ്നു. റഷ്യയുടെ നേരെ ജർമ്മനി യുദ്ധത്തിന്നു ചെന്നപ്പോൾ ഹംഗേറിയും റഷ്യയുടെ നേരെ യുദ്ധവിളംബരംചെയ്തു. എപ്പോഴും വിജയക്കുതിരയുടെ പുറത്തു സവാരി ചെയ്യുന്ന ജർമ്മനിയുടെ ബന്ധുവായാൽ തനിക്കു് തൻെറ പഴയ സാമ്രാജ്യപദവിയിൽ എത്തിച്ചേരാമെന്നായിരുന്നു ഹംഗേറിയുടെ വിചാരം. യുദ്ധം തുടങ്ങി കുറച്ചു കഴിഞ്ഞപ്പോളല്ലെ ഹംഗേറിയുടെ അനുഭവം പ്രത്യക്ഷമാകുന്നതു്, പാടത്തു വിള മൂക്കുമ്പോഴേക്കും ജർമ്മനിയിൽനിന്നു് കൊയ്ത്തു കഴിപ്പാൻ ആളുകൾ വന്നെത്തുന്നു, ഇതിലും വലുതായ മറെറന്തു് സങ്കടമാണുള്ളതു്? എന്നാൽ ശാപ്പാടിന്നുള്ളതു മാത്രമല്ലാ ജർമ്മനിക്കാവശ്യമുള്ളു; ഹംഗേറിയിൽനിന്നു് കഴിയുന്നത്ര കൂലിക്കാർ ജർമ്മനിക്കു പോംനം. ഹംഗേറിയൻസൈന്യം റഷ്യൻ രംഗത്തിൽപോയി യുദ്ധം ചെയ്യണം. ഹംഗേറിയക്കാർ യുഗോസ്ലാവിയായിൽ പോയി പോലീസ്സുകാരുടെ പ്രവൃത്തി കഴിക്കണം, ഇങ്ങിനെയുള്ള അടിമജീവിതത്തിൽനിന്നു് വിട്ടുപോന്നാൽ മതിയെന്നായിരിക്കുന്നു ഹംങ്കേറിയുടെ വിചാരം.

### റുമേനിയാ

ഹംഗേറിയക്കടുത്തുള്ളതും ഹിററ്ലർക്കു് അടിമയായിട്ടുള്ളതുമായ മറെറാരു രാജ്യമാണു് റുമേനിയാ. റുമേനിയാ വളരെ കാലമായി സഹവസിച്ചിരുന്നതു് ഫ്രാൻസിനോടുകൂടിയായിരുന്നു. അതിനാൽ മനസ്ഥിതികൊണ്ടു് ഐക്യകക്ഷികളോടാണു് അനുഭാവം. പക്ഷെ, തൻെറ ആത്മമിത്രമായിരുന്ന ഫ്രാൻസ് അധഃപതിച്ചുവെന്നു് മാത്രമല്ല തൻെറ ജന്മഭൂമി 1939-41 കാലങ്ങളിൽ പലക്കും പങ്കിട്ടുകൊടുക്കേണ്ടിവന്നു. ഇതിന്നെല്ലാം ഹിററ്ലരുടെ മദ്ധ്യസ്ഥതയായിരുന്നു. കുറേ സ്ഥലം ഹംഗേറിക്കു കൊടുത്തു. കുറേ ബൾഗേറിയക്കും, കുറേ റഷ്യക്കും കൊടുത്തു. ഒടുവിൽ നോക്കുമ്പോൾ തനിക്കു് യാതൊരു സ്ഥിതിയുമില്ലാത്ത ഒരു നിലയായി. തൻെറ കെല്പെല്ലാം വിട്ടു. ഹിററ്ലർ പറയുന്നതെല്ലാം കേട്ടു് അനുസരിക്കാമെന്നല്ലാതെ ഹിററ്ലരോടു യുദ്ധം ചെയ്വാനുള്ള ശക്തി തനിക്കുണ്ടായിരുന്നില്ല. അതിനാൽ റുമേനിയായിലെ നേതാവായ അണ്ടാനെസ്കു തൻെറ രാജ്യത്തു ജർമ്മൻകാർ കയ്യേറുന്നതിനെ അനുകൂലിച്ചു. ജർമ്മൻ കക്ഷിയിൽ താൻ ഒരംഗമായി ചേർന്നു. റഷ്യയുടെ നേരെ യുദ്ധവിളംബരവും ചെയ്തു. താൻ റഷ്യക്കു് കൊടുക്കേണ്ടിവന്ന ബെസ്സറേബിയാ എന്ന സ്ഥലം വീണ്ടെടുത്തുവെങ്കിലും റുമേനിയൻ സൈന്യം റഷ്യൻ രംഗത്തിൽ യുദ്ധം ചെയ്യേണ്ടി വരികയും റുമേനിയക്കാർ ജർമ്മനിയിൽ പോയി കൂലിപ്രവൃത്തിയെടുക്കേണ്ടിവരികയും ചെയ്യുന്നു.

### ബൾഗേറിയാ

ബൾഗേറിയക്കു് റുമേനിയാ, യുഗോസ്ലേവിയാ, ഗ്രീസ് എന്നീ രാജ്യങ്ങളിൽനിന്നു് കുറേ സ്ഥലങ്ങൾക്കവകാശമുണ്ടെന്നായിരുന്നു വാദം. ഈ അവകാശം സിദ്ധിക്കേണ്ടതിന്നു് ജർമ്മനിയുടെ പിന്നാലെ ചേർന്നു. ജർമ്മൻ സാമാനങ്ങൾ ധാരാളമായി ബൾഗേറിയായിൽ ചെലവാക്കി. യുഗോസ്ലേവിയായുടെയും ഗ്രീസ്സിൻെറയും നേരെ യുദ്ധം ചെയ്വാൻ പോകേണ്ടതിന്നു് തൻെറ മണ്ണിൽക്കൂടെ ജർമ്മൻ സൈന്യത്തിന്നു് വഴിയും കൊടുത്തു. ഈ രാജ്യങ്ങളെല്ലാം ഇപ്പോൾ ജർമ്മനിയുടെ പിടിവള്ളിയിൽനിന്നു് വിട്ടുവാനാഗ്രഹിച്ചുകൊണ്ടാണിരുപ്പു്: എന്നാൽ ഇവരുടെ പരാധീനതകൊണ്ടു് ആദ്യകാലങ്ങളിൽ ഹിററ്ലരുടെ പിടിയിൽ പെട്ടുവാനും, പെട്ടതിന്നുശേഷം വിട്ടുപോകുവാൻ ശക്തിയില്ലാതെ കുഴങ്ങുവാനും ഇവക്കു യോഗമായിയെന്നേ ഉള്ളു.

### യൂഗോസ്ലേവിയാ, ഗ്രീസ്

മേൽപറഞ്ഞ രാജ്യങ്ങളിൽനിന്നു് എത്രയോ വ്യത്യസ്തപ്പെട്ടവയാണു് യൂഗോസ്ലേവിയായും ഗ്രീസും. ഈ രണ്ടു രാജ്യങ്ങളേയും യുദ്ധം ചെയ്യാതെ വെറും ഭീഷണികൊണ്ടു് കൈവശപ്പെടുത്താൻ ഹിററ്ലർ ശ്രമിക്കായ്കയില്ല. എന്നാൽ ഇവരുടെ ധീരതകൊണ്ടും സ്വാതന്ത്ര്യേച്ഛകൊണ്ടും ഹിററ്ലർക്കു് യുദ്ധം ചെയ്യാതെ നിവൃത്തിയൊന്നുമില്ലായിരുന്നു. യുഗോസ്ലേവിയായിൽ ഹിററ്ലരുടെ നയങ്ങൾ ഏതാണ്ടു് ഫലിച്ചു. അവിടുത്തെ ഭരണാധികാരികൾ 1941-ാം കൊല്ലം ആദ്യകാലങ്ങളിൽ ഹിററ്ലരുടെ കിങ്കരന്മാരായി. എന്നാൽ ഇവർ ജർമ്മനി, ഇററലി, ജാപ്പാൻ ഈ മൂന്നു കോയ്മകളും കൂടി ചെയ്ത സന്ധിയിൽ ഒപ്പുവെച്ചുവെന്നു് പൊതുജനങ്ങൾ അറിഞ്ഞു ഉടനെ ഈ ഭരണാധികാരികളെ പിടിച്ചു പുറത്തു തള്ളി, അവരുടെ ഒരു സ്വതന്ത്രഭരണം സ്ഥാപിച്ചു. ഇതിനാൽ കോപാന്ധനായ ഹിററ്ലർ യൂഗോസ്ലേവിയായെ ആക്രമിച്ചു് അവരുടെ തലസ്ഥാന നഗരിയായ ബെൽഗ്രേഡിനെ വെണ്ണീറാക്കി. എന്നിട്ടുണ്ടോ ജനങ്ങളുടെ ധൈര്യത്തിന്നൊരു കുറവു്. ഇന്നും യുഗോസ്ലേവിയായുടെ കാട്ടുപ്രദേശങ്ങളിൽ അധിവസിച്ചു് സൈന്യശേഖരംചെയ്തു് അവിടുത്തെ നേതാക്കന്മാരതാ ഹിററ്ലരുടെ സൈന്യങ്ങൾക്കു അവരുടെ രാജ്യത്തു് ഇരിക്കുവാൻ നിവൃത്തിയില്ലാതാക്കുന്നു. യുഗോസ്ലേവിയായിലെ സ്ഥിതിതന്നേയാണു് ഗ്രീസ്സിലും. ഈ രണ്ടു രാജ്യങ്ങളും ഹിററ്ലർ പിടിച്ചുവെങ്കിലും അവരുടെ ആത്മാവിനെ ഒതുക്കുവാൻ അയാൾക്കു് സാധിച്ചിട്ടില്ല. ചരിത്രംകൊണ്ടു് ഈ രാജ്യങ്ങൾ ലോകത്തിലുള്ള സ്വാതന്ത്ര്യബുദ്ധിയുടെ ജന്മഭൂമിയായിട്ടാണു് കാണുന്നതു്.

# പട്ടാളത്തിലേക്ക് തിരഞ്ഞെടുപ്പ്

(ദിവാൻ ബഹദൂർ എം. രാമൻെറ ഒരാകാശവാണി പ്രസംഗം—കഴിഞ്ഞ ലക്കത്തിൽനിന്നു തുടർച്ച)

സംസ്ഥാന യുദ്ധക്കമ്മിററിയുടെ ആരംഭം 1940 ജൂൺ 17-ാം തിയ്യതിയായിരുന്നു. ബഹുമാനപ്പെട്ട മദിരാശി ഗവർണ്ണർ അന്നായിരുന്നു അതിനെ ഉൽഘാടനം ചെയ്തതു്. അതേ ദിവസം തന്നെ ഈ സംസ്ഥാനക്കമ്മിററിയുടെ അംഗമായിട്ടുള്ള റിക്രൂട്ട്മെൻറ സബ്ബ് കമ്മിററിയെയും രൂപീകരിച്ചു. പട്ടാളത്തിലേക്ക് ആളെ എടുക്കുകയാണ് ഇതിൻെറ ഉദ്ദേശം. ഈ സബ്ബ് കമ്മിററിയുടെ ഒന്നിച്ചു തന്നെ ഒരു പ്രോപ്പഗണ്ടാ സബ്ബ് കമ്മിററിയും, ധനകാര്യ സബ്ബ് കമ്മിററിയും രൂപീകരിച്ചു. സംസ്ഥാന യുദ്ധകമ്മിററിയുടെ മാതിരി ഓരോ ജില്ലയിലും ജില്ലാ യുദ്ധകമ്മിററികൾ രൂപീകരിച്ചു. ഒട്ടും താമസിയാതെ പട്ടാളത്തിലേക്കാളെ എടുക്കുവാനുള്ള സബ്ബ് കമ്മിററി സൈന്യ ഉദ്യോഗസ്ഥന്മാരെയും യോദ്ധാക്കളെയും തിരഞ്ഞെടുക്കുന്ന പ്രവൃത്തിയും ആരംഭിച്ചു. ജില്ലാ കമ്മിററികൾ ഇക്കാര്യത്തിൽ അവക്കു അതാതു് ജില്ലകളിലുള്ള സ്വാധീനശക്തി ഉപയോഗിച്ച് വളരെ സഹായം ചെയ്തുവരുന്നു.

പട്ടാളത്തിലേക്കുള്ള ആളെ എടുക്കുന്നതെല്ലാം മൂന്നുദ്യോഗസ്ഥന്മാരാണ്: (1) റിക്രൂട്ടിങ്ങ് ആഫീസർ, (2) അസിസ്റ്റാണ്ടു് റിക്രൂട്ടിങ്ങ് ആഫീസർമാർ, (3) എക്സ്ട്രാ അസിസ്റ്റാണ്ടു് റിക്രൂട്ടിങ്ങ് ആഫീസർമാർ. ഇവർ കിങ്ങ്സ് കമീഷനിലുള്ള മൂന്നു വകുപ്പുകളിലേക്കു മാത്രം ആളെ എടുക്കുകയില്ല. മററുള്ള സർവ്വ സൈന്യശാഖകളിലേക്കും ഇവരാണ് എടുക്കുന്നതു്. ഇവരെ സഹായിക്കുകയും ഉപദേശിക്കുകയുമാണു സംസ്ഥാനകമ്മിററിയുടെയും ജില്ലാ കമ്മിററികളുടെയും ജോലി.

ഏററവും പ്രധാനമായിട്ടുള്ള വകുപ്പ് യുദ്ധം ചെയ്യുന്ന പട്ടാളക്കാരുടേതാണ് ഇതിലേക്കു തിരഞ്ഞെടുക്കുന്നവക്ക് പ്രായം, ആരോഗ്യം ആകും ഇതിലേക്ക് അപേക്ഷിക്കാം. സ്കൂൾഫൈനൽ പരീക്ഷയോ അതിന്നു സമമായ മററു പരീക്ഷയോ വേണമെന്നേയുള്ളൂ. ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നതു് റിക്രൂട്ടിങ്ങ് ആഫീസരാണ്. അടുത്തകാലങ്ങളിലായി രണ്ടു പ്രാവിശ്യം ഇതിനെപ്പററി പരസ്യം പത്രങ്ങളിൽ ഉണ്ടായിരുന്നു. ആദ്യത്തെ പ്രാവിശ്യം 500 ആളെ തിരഞ്ഞെടുക്കേണ്ടതിലേക്ക് 2,000 ഹരജിക്കാർ ഉണ്ടായിരുന്നു. രണ്ടാമത്തെത്തവണ 1,200 ഹരജിക്കാരും ഉണ്ടായി. വൈസരോയി കമീഷ്യൻ ഉദ്യോഗം മാന്യമായ ഒരു ജോലിയാണെന്ന് ഇനിയും നമ്മുടെ യുവാക്കൾ മനസ്സിലാക്കീട്ടില്ലെന്ന് തോന്നുന്നു. മേൽപറഞ്ഞ സംഗതികൾ തികച്ചും ഉള്ളവരാണെങ്കിൽ ഇതിൽ കടന്നുകൂടുവാൻ ഒരു പ്രയാസവുമില്ല. കടന്നുകൂടിയാലൊ, പ്രവൃത്തിക്ക് പ്രാപ്തിയുള്ളവനാണെങ്കിൽ കിങ്ങ്സ് കമീഷ്യൻ ജോലിയും കൂടി കിട്ടുകയും ചെയ്യും. പണ്ടുകാലത്തുണ്ടായിരുന്ന സുബേദാർമാരേയും സുബേദാർ മേജർമാരേയും ഗവമ്മേണ്ടിന്നും പൊതുജനങ്ങൾക്കും ഒരുപോലെ ബഹുമാനമായിരുന്നു. ഈ വകുപ്പിലേക്ക് ആളുകളെ തിരഞ്ഞെടുക്കുന്നതു് അധികം താമസിയാതെ നിൎത്തിയേക്കാനിടയുള്ളതിനാൽ ഇതിൽ ചേരുവാനിച്ഛിക്കുന്നവർ വേഗം വരുന്നതായിരിക്കും ഉത്തമം.

കിങ്ങ്സ് കമീഷ്യന്ന് തിരഞ്ഞെടുക്കുന്ന രീതിയെപ്പററിയും അല്പം പ്രസ്താവിക്കാം. ഇതിനെപ്പററി ജനങ്ങൾക്കു ഒട്ടധികം വിവരമില്ലായ്മയുണ്ടു്. ഇതിൽ മൂന്നുവിഭാഗങ്ങളാണ് ഉള്ളതു്: (1) റോയൽ ഇന്ത്യൻനേവി (ഇന്ത്യൻ കടൽസൈന്യം), (2) ഇന്ത്യൻ കരസൈന്യം, (3) ഇന്ത്യൻ വിമാനസൈന്യം. ഇതിലേക്കു അപേക്ഷകന്മാർ ഉണ്ടെങ്കിൽ കലക്ടരാഫീസ്സിലൊ, പ്രൊവിൻഷ്യൽ സിലക്ഷൻ ബോഡിൻെറ ഏരിയാ കമാണ്ടറോടൊ ആവിശ്യപ്പെട്ടാൽ ഹരജിയുടെ ഫാറം കിട്ടുന്നതാണ്. ഹരജിഫാറം എഴുതി ഒപ്പിട്ട് ഡിസ്ത്രിക്ട് കലക്ടൎക്ക് അയക്കണം ആദ്യം. ഗവമ്മേണ്ടുദ്യോഗത്തിലുള്ള ഒരാളാണ് അപേക്ഷകനെങ്കിൽ, ആയാളുടെ ഡിപ്പാട്ട്മെണ്ടു് മേലധികാരിയാണ് പ്രൊവിൻഷ്യൻ സിലക്ക്ഷൻ ബോഡിലേക്ക് ഹരജി അയച്ചുകൊടുക്കുക.

**കേരള യുവാക്കളെ! ഇന്ത്യൻ വിമാനസൈന്യത്തിൽ വന്നു ചേൎന്നുകൊൾവിൻ. ഇന്ന് മാന്യമായ ഒരു സ്ഥിതി; നാളേക്ക് അതു് സുഖമായ ഒരു ജീവിതം - - - - - - - - - -**

ഇതെല്ലാം പൂൎത്തിയായും നോക്കുന്നതായിരിക്കും. ഉദ്ദേശിച്ചതിലും എത്രയോ ജാസ്തിയായി ഇതിലേക്കാളുകൾ വന്നുചേരുന്നു.

യന്ത്രതന്ത്രപരിശീലനത്തിന്നു വേണ്ടാളുകളെ തിരഞ്ഞെടുക്കുന്നതു് അതിന്ന് പ്രത്യേകിച്ചും നിയമിച്ചിട്ടുള്ള റിക്രൂട്ടിങ്ങ് ആഫീസർ ആണ്.

ക്ലാക്ക് രണ്ടു തരത്തിലുണ്ടു്: ഒന്ന് പടയിൽത്തന്നെയുള്ളതും (കോംബററൻറ്) മറേറതു് പടയിലില്ലാതെ സൈന്യവകുപ്പിൽ മാത്രമായിട്ടുള്ളതുമാകുന്നു (നോൺ കോംബററൻറ്). ഇവരെ തിരഞ്ഞെടുക്കുന്നതു് റിക്രൂട്ടിങ്ങ് ബ്രാഞ്ചുകാരാകുന്നു.

ഹരജിക്കുള്ള ഫാറവും മററു വിവരങ്ങളും റിക്രൂട്ടിങ്ങ് ആഫീസരുടെ വക്കൽനിന്ന് കിട്ടും. അദ്ദേഹം ഇടക്ക് ജില്ലയിൽ സക്കീട്ട് ചെയ്യുന്നതാണ്. മദിരാശിയിലാണെങ്കിൽ, റിക്രൂട്ടിങ്ങ് ആഫീസർ പുതുപ്പെട്ട ലൈൻസ്, എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ ഹരജിഫാറം കിട്ടും.

പതിനേഴ വയസ്സിന്നും നാല്പതു വയസ്സിന്നും ഇടയിലുള്ളവക്ക് പരിശീലനത്തിന്നുവേണ്ടി ഒരു യന്ത്രതന്ത്രപരിശീലന സ്കീം ഉണ്ടു്. അനവധി തരത്തിലുള്ള കൈവേലകളിൽ, ഈ സ്കീം പ്രകാരം, പരിശീലനം നൽകുന്നു. മദിരാശിയിലുള്ളവർ, ചേയർമാൻ, നാഷനൽ സർവ്വീസ് ലേബർ ട്രിബുനൽ, മദിരാശി, എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ വേണ്ട വിവരം കിട്ടുന്നതാണ്. മദിരാശിയിൽ നിന്ന് പുറമേയുള്ളവക്ക് ജില്ലാ കലക്ടർ മുഖാന്തരവും അപേക്ഷിക്കാം. മദിരാശിയിൽ ഇതിന്നുള്ള അധികാരസ്ഥൻ തന്നേയാണ് വ്യവസായകാര്യങ്ങളിൽ ഉപരിപഠനത്തിന്ന് ഇന്ത്യൻ യുവാക്കളെ ബെവിൻ സ്കീം അനുസരിച്ചു് ഇംഗ്ലണ്ടിലേക്കു അയക്കുവാനും എന്നുള്ള സംഗതിയും ഇവിടെ പ്രസ്താവ്യമാണ്. ഈ സ്കീം പ്രകാരം ആറു സംഘം ഇന്ത്യൻ യുവാക്കൾ ഇംഗ്ലണ്ടിലേക്കു പോയി അതിൽ ചിലർ മടങ്ങിക്കഴിഞ്ഞു. ഇപ്പോൾ മടങ്ങിവന്നവർ ഇന്ത്യയിൽ പലേ തരത്തിലുള്ള വ്യവസായങ്ങളിലും ഏൎപ്പെട്ടിരിക്കയാണ്.

വൈസരോയി കമീഷ്യൻ ഉദ്യോഗത്തിലേക്കും യുവാക്കളെ നേരിട്ടു തിരഞ്ഞെടുക്കുന്നു. പതിനെട്ടു വയസ്സുമുതൽ മുപ്പതുവയസ്സുവരെയുള്ള

നാട്ടുരാജ്യ ഗവമ്മേണ്ടുകളിൽ ജോലിക്കാരാണെങ്കിൽ അപേക്ഷകന്മാർ അവരവരുടെ ഗവമ്മേണ്ടിൻെറ അനുവാദം വാങ്ങിയതിന്നു ശേഷമെ ഹരജി കൊടുക്കാവു. അവരെ തിരഞ്ഞെടുത്തു ശിപാർശി ചെയ്യാനുള്ള അധികാരസ്ഥൻ അവരവരുടെ സൈന്യത്തിലുള്ള നായകന്മാരാണ്. ജില്ലകളിൽ തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടുള്ളവരുടെ ഹരജികൾ പ്രൊവിൻഷ്യൽ സിലക്ഷ്യൻ ബോഡിന്നയച്ചുകൊടുക്കുന്നു. ഇതനുസരിച്ചു ഈ ബോഡ് അപേക്ഷകന്മാരെ കൂടിക്കാഴ്ചക്ക് വിളിക്കുകയും ചെയ്യുന്നു. പ്രൊവിൻഷ്യൻ സിലക്ഷൻ ബോഡിൻെറ തിരച്ചൽ കഴിഞ്ഞാൽ അവർ അപേക്ഷകന്മാരുടെ ഹരജികൾ ബാംഗളൂരിലുള്ള ജനറൽ ഹെഡ് ക്വാട്ടേർസ് സിലക്ഷൻ ബോഡിന്നയച്ചുകൊടുക്കുന്നു. അവിടെവെച്ചു തിരഞ്ഞെടുപ്പ് കഴിഞ്ഞവരെ വിമാനസൈന്യം, കടൽസൈന്യം, അല്ലെങ്കിൽ ഓഫീസർ ട്രെയിനിങ്ങ് സ്കൂൾ ഇതിൽ ഏതെങ്കിലും ഒന്നിലേക്കയക്കുന്നു. ഇതിലേക്കു എത്രകണ്ടു പഠിപ്പു വേണമെന്നു ചോദിക്കയാണെങ്കിൽ, പൊതുവെ ഒരു ലോക പരിചയം ഉണ്ടായിരിക്കേണമെന്നെ ഉള്ളു.

പ്രൊവിൻഷ്യൽ സിലക്ക്ഷൻ ബോർഡ് തിരഞ്ഞെടുത്തതും, ലോകപരിചയത്തിലും ആരോഗ്യത്തിലും അല്പം കുറവുള്ളതുമാണെന്ന് തോന്നുന്നതുമായ അപേക്ഷകന്മാരെ അഡയാറിലുള്ള പ്രീകേഡററ് ട്രെനിങ്ങ് സ്കൂളിലേക്കയക്കുന്നതാണ്. ഈ സ്കൂൾ മദ്രാസ് റിക്രൂട്ട്മെണ്ട് സബ്ബ് കമിററിയുടെ ഉത്സാഹത്തിന്മേൽ ആരംഭിച്ചതും വരുന്ന ജനവരി മാസം മുതല്ക്കു് 120 വിദ്യാൎത്ഥികൾക്കു പ്രവേശനം അനുവദിക്കാൻ വേണ്ട ഏൎപ്പാടുള്ളതുമാകുന്നു. തുടങ്ങുമ്പോൾ ഇതിൽ അയ്മ്പതാളുകൾക്കെ പ്രവേശനം ഉണ്ടായിരുന്നുള്ളൂ. പിന്നെ ഈ സംഖ്യ എഴുപതായി. വരുന്ന ജനവരി മുതല്ക്കു നൂററിരുപതാക്കുവാനുള്ള ഏൎപ്പാടുകൾ ചെയ്തിരിക്കുന്നു. ഈ വിദ്യാലയത്തിൽ പഠിച്ച്



ഇന്ത്യൻ വൈമാനികൻ

പോകുന്നവർ ബാങ്കളൂരിൽ സിലക്ക്ഷൻ ബോർഡിന്റെ മുമ്പാകെ തിരഞ്ഞെടുപ്പിന്നു അധികം പ്രാപ്തന്മാരായിട്ടാണു് അനുഭവം.

മദിരാശിയിൽ കിങ്ങ്സ് കമീഷന്നു് അപേക്ഷകന്മാരെ തിരഞ്ഞെടുക്കുവാനുള്ള ഏർപ്പാടു തുടങ്ങിയതു് ആദ്യം മൂന്നംഗങ്ങളുള്ള ഒരു റിക്രൂട്ട്മെണ്ട് കമിററി മുഖാന്തരമായിരുന്നു. അക്കാലത്തു പ്രതിമാസം പത്തോ പതിനഞ്ചോ അപേക്ഷകന്മാരുണ്ടായിരിക്കും. ചിലപ്പോൾ അതിലും കുറവായിരിക്കും. 1941 ഡിസെമ്പർ മാസത്തിൽ നാലു മെമ്പർമാരും ഒരു ചെയർമാനും ഉള്ള ഒരു സെലക്ക്ഷൻ ബോർഡിനെ രൂപീകരിച്ചു. അപ്പോഴേക്കും കിങ്ങ്സ് കമീഷനുള്ള തിരഞ്ഞെടുപ്പുകളെപററി ആളുകൾക്കു അധികമായ വിവരം ഉണ്ടാവുകയും അപേക്ഷകന്മാർ വദ്ധിക്കുകയും ചെയ്യു തുടങ്ങി. ഇപ്പോൾ പ്രതിമാസം നൂറൊ നൂററിരുപതൊ അപേക്ഷകന്മാരുണ്ടാകാറുണ്ടു്. സാധാരണ ബോർഡിന്റെ യോഗം മാസത്തിൽ രണ്ടു തവണയെങ്കിലും ഉണ്ടാകാതിരിക്കയില്ല. ചിലപ്പോൾ, അധികം അപേക്ഷകന്മാരുള്ളപക്ഷം, മൂന്നൊ നാലൊ പ്രാവശ്യവും അവരുടെ യോഗം കൂടും. തിരഞ്ഞെടുപ്പിൽ ഇപ്പോൾ ബുദ്ധിശക്തി പരീക്ഷയാരംഭിച്ചിരിക്കുന്നതിനാൽ തിരഞ്ഞെടുക്കപ്പെടുവാൻ പ്രാപ്തമാരായവരുടെ സംഖ്യ 70 ശതമാനത്തിൽനിന്നു 50 ശതമാനമായിരിക്കുന്നു.

വൈമാനിക സൈന്യത്തെപ്പററി അല്പം ഒന്നു് പറയാതെ കഴികയില്ല. പട്ടാളപരിശീലനത്തിന്നു് അപേക്ഷകന്മാരായി വരുന്നവരെ അവരുടെ ഇഷ്ടമനുസരിച്ചു് മൂന്നു വകുപ്പുകളിൽ ഏതെങ്കിലും ഒന്നിലേക്കു് തിരിച്ചുവിടുകയാണു് പതിവു്. ചെറുപ്പക്കാർക്കു് ചൊടിയും ചുണയുമുള്ള ജോലി ചെയ്യാനിഷ്ടമാണെങ്കിലും വിമാനസൈന്യത്തിലേക്കു് അവർ ധാരാളമായി ഇനിയും വരുന്നില്ല. ഒരുപക്ഷെ ഇതു് അമ്മക്കും മുത്തശ്ശിക്കും ഇഷ്ടമില്ലാത്തതിനാലായിരിക്കാം. ദൈവാധീനംകൊണ്ടു്, അമ്മമാരുടെ നിഷ്കർഷക്കു് കുറവും വന്നുതുടങ്ങി. മുത്തശ്ശിമാർ മരിക്കാനും തുടങ്ങീട്ടുണ്ടു്. അതിനാൽ ഇനിയെങ്കിലും ഈ കാര്യത്തിൽ ചെറുപ്പക്കാർക്കു് അധികമായ ആകർഷണം ഉണ്ടായേക്കാം. യുദ്ധത്തിൽ ശരിയായ വിജയം വന്നുചേരുവാൻ നമുക്കു് വിമാനങ്ങളും, വൈമാനികന്മാരും ഇനിയും ധാരാളം വേണം. അനവധി ഇന്ത്യക്കാർക്കു് ഇപ്പോൾ വൈമാനികപരിശീലനം ലഭിക്കുന്നുണ്ടു്. നിങ്ങൾക്കും വേണമെങ്കിൽ ഇതിൽ ചേരുന്നതിന്നു് യാതൊരു വിരോധവുമില്ല. കരസൈന്യത്തിലും കടൽസൈന്യത്തിലും കമീഷൻ ഉദ്യോഗം കിട്ടുന്നപോലെത്തന്നെ വിമാനസൈന്യത്തിലും കൊടുക്കാമെന്നു് തീർച്ചയാക്കിയിരിക്കുന്നതിനാൽ ഇതിൽ ചേർന്നാലുള്ള അഭിവൃദ്ധിയെപ്പററി ഇനി ആർക്കും ശങ്കവേണ്ടാ. എന്നാൽ ഒരു വിമാനസേനയിൽ വൈമാനികനാകുന്നതു ചില്ലറ പണിയല്ല. ഒരു കൊല്ലം കഠിനമായ പരിശീലനം വേണം. രാവും പകലും പറക്കണം. തോക്കുകളും ബോംബുമാണു് നിത്യാഭ്യാസത്തിന്നുള്ള ആയുധങ്ങൾ. ഇതിൽ ചേർന്നു് കമിഷൻ കിട്ടിയെങ്കിൽക്കൂടി യുദ്ധം കഴിഞ്ഞാൽ പിന്നെയെന്താണു് എന്നു് ചോദിച്ചേക്കാം. ഭാവിയിൽ ഇന്ത്യൻ വിമാനസൈന്യം ഇന്നത്തേതിൽ എത്രയൊ അധികം വലുതായിരിക്കേണമെന്നുള്ള സംഗതി വിസ്മരിച്ചുപോകേണ്ടാ. അതിൽ നിങ്ങൾക്കും ഒരു സ്ഥാനം ലഭിക്കാതിരിക്കയില്ല. ഇല്ലെങ്കിലെന്താണു്? യുദ്ധാനന്തരം, ഇന്നു ബസ്സു സാർവീസ്സുകൾ ഉള്ളപോലെ പൊതുജനസൌകര്യത്തിന്നു് എത്രയെത്ര വിമാനസാർവ്വീസ്സുകൾ ഉണ്ടായിരിക്കും? അതിൽ നിങ്ങൾക്കു നല്ല ഒരു സ്ഥാനം ഉണ്ടായിക്കൂടേ?

# ഈയാഴ്ച: യുദ്ധരംഗങ്ങൾ

## "ജാപ്പാന്റെ സ്ഥിതി അത്യാപത്തിലായിരിക്കുന്നു"

—ടോജോ സെപ്തെംബർ 23-ാം തിയ്യതി

UNIVERSITY LIBRARY
10 FEB 1946
MADRAS.
118735
27248
V1:4:N39m 21032
H4





ഈ കാണിച്ച ചിത്രങ്ങൾ ഇന്ത്യൻ പട്ടാളം ജാപ്പാന്റെ നേരെ ആരംഭിക്കാൻ പോകുന്ന യുദ്ധത്തിന്ന് കാട്ടിലും മലകളിലും യുദ്ധപരിശീലനം ചെയ്യുവരികയാണ്. സാമാനങ്ങൾ കൊണ്ടുപോകാൻ മോട്ടോറും മററുമില്ല; വെറും കഴുതമാത്രം. സൈന്യത്തിന്ന് സുഖജീവിതമാണെങ്കിൽ അതും ഇല്ല. കാടും, മലയും അട്ടകളും, കാട്ടുമൃഗങ്ങളുമായി സഹവസിച്ചുകഴിയണം.

സപ്തെമ്പർ 24-ാം തിയ്യതി: യുനേച്ച, പോൾട്ടാവാ എന്നീ രണ്ടു നഗരികൾ റഷ്യൻ സൈന്യം ജർമ്മൻകാരുടേ വക്കൽനിന്ന് പിടിച്ചിരിക്കുന്നു. ഈ രണ്ടു നഗരികളും പ്രധാന റെയിൽവെ ജങ്ക്ഷനാകുന്നു. പോൾട്ടാവാ പിടിച്ചതുകൊണ്ട് ഡൊനേട്ട്സ് നദീതീരത്തിലുള്ള ജർമ്മൻ സൈന്യം മുഴവൻ ആപത്തിലായിരിക്കുന്നുവെന്നുപറയാം. പോൾട്ടാവാ റഷ്യയുടെ വക്കൽനിന്ന് ജർമ്മൻ സൈന്യം ആദ്യത്തെ വേനൽക്കാല സമരത്തിൽ പിടിച്ചിരിക്കുന്നു.

25-ാം തിയ്യതി: റഷ്യൻസൈന്യങ്ങൾ സ്മോളൻസ്ക് നഗരി പിടിച്ചു.

26-ാം തിയ്യതി: റഷ്യൻസൈന്യം നീപ്പർ നദിയുടെ കിഴക്കെ തീരത്തെത്തിയിരിക്കുന്നു. ഈ തള്ളിക്കയററത്തിന്റെ രംഗമുഖം 250 നാഴിക നീളത്തിലാണ്. നീപ്രെം പെട്രോവസ്ക് മുതൽ കിവ് വരെയാകുന്നു ഈ രംഗം. എന്നാൽ റഷ്യൻ സൈന്യത്തിന്റെ ചിലസംഘങ്ങൾ നിപ്പർനദിയുടെ പടിഞ്ഞാറെ കരയിലും ചെന്നിറങ്ങിയിരിക്കുന്നു. സ്മോളൻസ്ക് രംഗമുഖത്തു നിന്നുള്ള തള്ളിച്ചയിൽ റഷ്യൻസൈന്യം പോളണ്ടിന്റെ അതൃത്തിയിൽനിന്ന് 80 നാഴിക അടുത്തെത്തിയിരിക്കുന്നു.

റഷ്യ, അമേരിക്ക, ബ്രിട്ടൻ ഇവരുടെ പ്രതിനിധികളടങ്ങിയ ഒരു കമ്മീഷൻ രൂപീകരിച്ചിരിക്കുന്നു. സൈനികസംബന്ധമായും രാഷ്ട്രീയമായും ഉള്ള കാര്യങ്ങളെ മദ്ധ്യധരണിപ്രദേശത്തെ സംബന്ധിച്ചേടത്തോളം അന്യോന്യം ആലോചിച്ചു തീർച്ചയാക്കുവാനാണ്. ഈ കമീഷന്റെ അധികാര സ്ഥലം ആർജീർസിലാണ് സ്ഥിതിചെയ്യുന്നത്. കമീഷനിൽ സ്വതന്ത്ര ഫ്രഞ്ച്കാരുടെ ഒരു പ്രതിനിധിയും ഉണ്ടായിരിക്കും.

മാർഷൽ ചിയാങ്ങ് കീ ഷേക്കിനെ ചൈനയിലെ പൊതുജനാധിപത്യഭരണത്തിൽ (റിപ്പബ്ലിക്ക്) ഏററവും ഉയർന്ന കാര്യനിർവ്വാഹകാധികാരിയായി (സുപ്രീം എക്സിക്യൂട്ടീവ്) തിരഞ്ഞെടുത്തതിന്ന് അഭിനന്ദിച്ചുകൊണ്ടു ബ്രിട്ടീഷു ചക്രവർത്തി തിരുമേനി ഒരു സന്ദേശം അയക്കുന്നു.

സപ്തെമ്പർ 28-ാം തിയ്യതി: ഐക്യകക്ഷി സൈന്യങ്ങൾ ഇററലിയിൽ ഫോഗിയാ എന്ന പട്ടണം പിടിച്ചിരിക്കുന്നു. ബ്രിട്ടീഷ് എട്ടാംസൈന്യമാണ് ഇതു് പിടിച്ചതു്. ഫോഗിയാ ഇററലിയിലെ ഏററവും വലിയ വിമാനസങ്കേതമുള്ള ഒരു സ്ഥലമാകുന്നു. ഇതിനെ സംബന്ധിച്ചുകൊണ്ടു വേറേയും പതിനഞ്ചിലധികം വിമാനസങ്കേതങ്ങൾ ഉണ്ടു്. ഈ പട്ടണം കയ്യിൽ വന്നതോടുകൂടി ഐക്യകക്ഷി സൈന്യങ്ങൾക്ക് ജർമ്മനിയിലെ തെക്കൻ പ്രദേശങ്ങളിലും, റുമേനിയാ, ഗ്രീസ് എന്നീ രാജ്യങ്ങളിലും ബോംബർ വിമാനങ്ങളെ എത്തിക്കാൻ പ്രയാസമില്ല.

# യുദ്ധത്തിന്റെ സാമ്പത്തിക മുഖങ്ങൾ

ലോക പ്രകാശികാ ഗ്രന്ഥമാല : കൊച്ചി യുദ്ധ പ്രസിദ്ധീകരണ വകുപ്പിൽനിന്നു്

സ്ത്രീകൾക്കു പ്രസവവും പുരുഷന്മാർക്കു സമരവും പ്രകൃതി വിധിച്ചിട്ടുള്ളതാണു് എന്നു മുസ്സോലിനി ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. എന്നാലും ഒരു പട തുടങ്ങുവാൻ ഒരു കാരണം വേണമല്ലോ. ചെന്നായയുംകൂടി ആട്ടിൻകുട്ടിയുടെ മേൽ ചാടുന്നതിനു മുമ്പിൽ ചില കാരണങ്ങൾ വിസ്തരിക്കുകയുണ്ടായി—ആട്ടിൻകുട്ടി പുഴയുടെ അതിർത്തി ലംഘിച്ചു കടന്നു എന്നും, ചെന്നായയെ അപമാനിച്ചു എന്നും, ചെന്നായ പറയാതിരുന്നതും പക്ഷെ മുഖ്യമായതും ആയ കാരണം അതിന്റെ വിശപ്പായിരുന്നു—അതായതു്, ഒരു സാമ്പത്തിക കാരണം. ആദിമനുഷ്യൻ ഒരു കൂട്ടുകാരന്റെ തലയുടച്ചതു് അയാളുടെ കൈവശമുണ്ടായിരുന്ന മാംസക്കഷ്ണം തട്ടിയെടുക്കാൻ വേണ്ടിയായിരുന്നിരിക്കണം. ജനങ്ങൾ തമ്മിൽ കൈയേറ്റത്തിനു് ഇപ്പോഴും ഉണ്ടു് ആ കാരണം—വയറു പിഴക്കാൻ വഴയില്ലാതായാലോ, കുടി കിടപ്പാൻ ഇടമില്ലാതായാലോ എന്നുള്ള ഭയം. രാഷ്ട്രം, മതം, സമുദായം, സമ്പത്തു് ഇവ സംബന്ധിച്ചുള്ള മത്സരംകൊണ്ടാണു് പലപ്പോഴും യുദ്ധങ്ങൾ ഉണ്ടായിട്ടുള്ളതെന്നു് ലോകചരിത്രം പറയുന്നു.

മേൽപറഞ്ഞവയിൽ ഏതെങ്കിലും ഒരു കാരണം കൊണ്ടുമാത്രമാണു് ഒരു യുദ്ധം തുടങ്ങിയതു് എന്നു് എപ്പോഴും പറയുവാൻ സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ പല കാരണങ്ങളും ചേരുമ്പോളാണു പലപ്പോഴും രണ്ടു ഭാഗക്കാർ യുദ്ധത്തിനു് ഇറങ്ങുന്നതു്. അസൂയയ്ക്കും മത്സരത്തിനും ഒരു സാമ്പത്തിക കാരണം ഉണ്ടെങ്കിലും അതിനെപ്പററി അത്ര സ്പഷ്ടമായി ആരെങ്കിലും പറയുമോ? തന്റെ ആർത്തിയുടെ കാര്യം പറയുവാൻ ചെന്നായയും കൂടി മടിച്ചുവല്ലൊ. ഇക്കാലത്തു ഒരുത്തൻ നടത്തുന്നതു കൊള്ളയാണെങ്കിലും അതു വാസ്തവത്തിൽ അങ്ങനെയല്ലെന്നു സമർത്ഥിപ്പാൻ അയാൾ ശ്രമിക്കുന്നതായി കാണുന്നില്ലേ?

യുദ്ധകാരണം കാര്യമായി രണ്ടാണെന്നു കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ധനശാസ്ത്ര പ്രൊഫസറായ പീഗു അഭിപ്രായപ്പെട്ടിരിക്കുന്നു—അധികാരത്തിനുള്ള ഭ്രമവും സമ്പാദ്യത്തിനുള്ള ശ്രമവും. സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനായിരിക്കും ചിലപ്പോൾ ഒരു കൂട്ടക്കാർ അധികാരം ചുമത്താൻ ശ്രമിക്കുന്നതു് എന്നു കൂടി പറയാം.

ഇക്കാലത്തു പല ഗവർമ്മേണ്ടുകളും സ്വരാജ്യ വ്യവസായങ്ങൾക്കു പലവിധത്തിലും സഹായങ്ങൾ ചെയ്തു കൊടുക്കുന്നുണ്ടു്. ചില വ്യവസായങ്ങൾക്കു സംഭാവനകൾ (Subsidies) കൊടുക്കുന്നു. സ്വദേശോല്പന്നങ്ങളായി ചില വിദേശോല്പന്നങ്ങൾ മത്സരിക്കുന്നുണ്ടെങ്കിൽ വിദേശോല്പന്നങ്ങളിന്മേൽ ഇറക്കുമതി നികുതികൾ ചുമത്തുന്നു. ഈ പ്രയോഗങ്ങൾ വിദേശികൾക്കു ഇഷ്ടമായിരിക്കയില്ലല്ലൊ. ഒരു സമയം ഇവ ഒരു യുദ്ധം തുടങ്ങുവാൻ തക്കവണ്ണം രാഷ്ട്രങ്ങൾ തമ്മിൽ സ്പർദ്ധ വർദ്ധിപ്പിക്കുകയില്ലായിരിക്കാം. പക്ഷെ ഇഷ്ടംപോലെ കച്ചവടം ചെയ്തുകൊണ്ടിരിക്കുന്ന സമയത്തു ഈ വക നയങ്ങൾ ഒരു കൂട്ടക്കാർ എടുത്തു മററവർക്കു കഷ്ടനഷ്ടങ്ങൾക്കു കാരണമായാൽ ഗുരുതരമായ ഭവിഷ്യത്തുകൾക്കു വഴിവെക്കാവുന്നതാണു്. പ്രത്യേകിച്ചു അല്പശക്തിമാത്രം ഉള്ള ചില രാജ്യങ്ങളിൽനിന്നു് അധിക ശക്തിയുള്ള ഒരു കൂട്ടർക്കു ചില അത്യാവശ്യ പദാർത്ഥങ്ങൾ കിട്ടുവാൻ ബുദ്ധിമുട്ടായാൽ യുദ്ധം ആസന്നമായേക്കാം. സ്വരാജ്യത്തു പലവിധത്തിലുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻമാത്രമല്ല അവയെ മററൊരു രാജ്യത്തുകൊണ്ടുപോയി ചൊരിഞ്ഞു അവിടെ വില വളരെ താഴ്ത്തി വില്ക്കുവാനും കൂടി വ്യവസായ നേതാക്കന്മാരെ ചില ഗവർമ്മേണ്ടുകൾ സഹായിച്ചേക്കാം. ഈ നയവും സമാധാനത്തിനു ഭംഗകാരണമാണു്.

യുദ്ധങ്ങൾക്കു സാംമ്പത്തികമായ കാരണങ്ങൾ നോക്കുമ്പോൾ ജനസംഖ്യയെപ്പററിയുള്ള ചില പ്രശ്നങ്ങളും കണ്ടേക്കാം. ഏതൊരുത്തനും വിശപ്പടക്കുവാൻ ഭക്ഷണവും താമസിക്കുവാൻ വീടും അത്യാവശ്യമാണല്ലൊ. ലോകം ആകെ നോക്കിയാൽ കുടിയിരിപ്പാൻ ഇടത്തിനു യാതൊരു ക്ഷാമവും കാണുകയില്ല. പക്ഷെ ചില പ്രദേശങ്ങളെ പ്രത്യേകിച്ചെടുത്തു നോക്കുമ്പോൾ അവിടെയുള്ളവർക്കു സ്ഥലച്ചുരുക്കം കാണാവുന്നതാണു്. ഇതിനെപ്പററിയുള്ള ഭയം കാരണം പല രാജ്യങ്ങളിലും ഗവർമ്മേണ്ടുകൾ വിദേശീയരെ ധാരാളമായി സ്വീകരിക്കുന്നില്ല. വർഷം പ്രതി ഓരോ രാജ്യക്കാർ കൢിപ്തപ്പെടുത്തീട്ടുള്ളതിലധികം ജനങ്ങൾ ഒരു ദിക്കിലേക്കു കടത്തപ്പെടുകയില്ലെന്നു നിയമമുണ്ടാകാം. വിദേശികൾക്കു വോട്ടവകാശം, സ്വത്തുടമാവകാശം, കച്ചവടത്തിലും കൈത്തൊഴിലുകളിലുമുള്ള സ്വാതന്ത്ര്യം എന്നിവ സ്വദേശികൾക്കുള്ളേടത്തോളം കൊടുക്കുകയില്ല. ഒരു രാജ്യത്തു ജനങ്ങൾ വർദ്ധിക്കുകയും, മററു രാജ്യങ്ങളിൽ അവരെ സ്വീകരിക്കാതിരിക്കയൊ സ്വീകരിച്ചാൽത്തന്നെ അവർക്കു അവശതകളും ക്ലേശങ്ങളും അനുഭവിക്കേണ്ടിവരികയൊ ചെയ്യുകയും ചെയ്താൽ യുദ്ധം തുടങ്ങുവാൻ ഇടയുണ്ടു്. ചെക്കൊസ്ലൊവേക്കിയാ, പോളണ്ടു മുതലായ രാജ്യങ്ങളിൽ കുടികേറി പാർക്കുന്ന ജർമ്മൻകാരെ ആ രാജ്യക്കാർ അസഹ്യമായി ഉപദ്രവിക്കുന്നു എന്ന അപരാധാരോപണത്തോടുകൂടിയല്ലേ ഹിററ്ലർ ആ ചെറു രാജ്യങ്ങളുടെ നേർക്കു ചാടിയതു്?

കടം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതാണു് വൈഷമ്യങ്ങൾക്കു മററൊരു കാരണം. വ്യക്തിപരമായി ആലോചിക്കുമ്പോൾത്തന്നെ കടം വാങ്ങീട്ടുള്ളവർക്കു കടം കൊടുത്തിട്ടുള്ളവരെ കണ്ടുമുട്ടുന്നതു് അത്ര സുഖകരമല്ലല്ലൊ. എന്നാലും എല്ലാ കടങ്ങളും വ്യക്തികളെ അപകടത്തിലാക്കുന്നതല്ല. എല്ലാ കടങ്ങളും യുദ്ധത്തിൽ കലാശിക്കണമെന്നില്ല. വ്യത്യസ്ത രാജ്യങ്ങളിലിരിക്കുന്ന വ്യക്തികൾ സ്വന്തം ചുമതലയിൽ കടം സംബന്ധിച്ചുള്ള സകല ഇടവാടുകളും നടത്തുകയാണെങ്കിൽ അവയിൽനിന്നു് രാഷ്ട്രീയമായ വലിയ ആപത്തുകളൊന്നും ഉണ്ടാകാനില്ല. തെററിദ്ധാരണങ്ങളും ബുദ്ധിമുട്ടുകളും ഒന്നും തന്നെ ഉണ്ടാകുകയില്ലെന്നുവെച്ചു വേണ്ട മുൻകരുതലുകൾ യാതൊന്നും ചെയ്യാതെ വ്യക്തികളൊ ഗവർമ്മേണ്ടുകളൊ മററു ഗവർമ്മേണ്ടുകൾക്കു കടം കൊടുക്കുന്നതിൽനിന്നു് ചിലപ്പോൾ യുദ്ധം പൊട്ടി പുറപ്പെടുന്നു. ഒന്നാമത്തെ മഹായുദ്ധത്തിനിടക്കു സഖ്യശക്തികൾ വളരെ പണം കടം വാങ്ങുകയുണ്ടായി. യുദ്ധം കഴിഞ്ഞു കടത്തിന്റെ കാര്യം തീരുമാനിക്കേണ്ട സമയം വന്നപ്പോൾ അതിനു കുറച്ചു് മുമ്പിൽ മാത്രം ഒരുമിച്ചുനിന്നു സമരംചെയ്ത ശക്തികൾ തന്നെ തമ്മിൽ കുറച്ചു തെററിദ്ധാരണയുണ്ടായി എന്നല്ലേ ചരിത്രം പറയുന്നതു്?

പിന്നെ അസംസ്കൃതപദാർത്ഥങ്ങളുടെ ഉടമാവകാശത്തെപ്പററിയാണു് രാജ്യങ്ങൾ തമ്മിൽ തെററുവാൻ വഴിയുള്ളതു്. ചില രാജ്യങ്ങൾക്കു ഈവക പദാർത്ഥങ്ങളിൽ പലതും കുറെ അധികംതന്നെ സ്വാധീനമാക്കുവാൻ സാധിച്ചിട്ടുണ്ടു. ഭക്ഷണസാധനങ്ങൾ, ലോഹങ്ങൾ, മണ്ണെണ്ണ, പരുത്തി, റബ്ബർ മുതലായ വ്യവസായങ്ങൾ വേണ്ട അസംസ്കൃതപദാർത്ഥങ്ങൾ എല്ലാവർക്കും ആഗ്രഹിക്കുന്നേടത്തോളം സ്വാധീനത്തിൽ ഇല്ല. അവയെ അനുഭവിക്കുന്നതിൽ പക്ഷഭേദംകൂടാതെ ഉള്ളതിന്റെ അവസ്ഥപോലെ വേണ്ടവർക്കെല്ലാം ഒരു ന്യായമായവിലക്കു സാധനങ്ങൾ കിട്ടിയാൽ ആപത്തുകൾ വിശേഷിച്ചുണ്ടാകുവാൻ വഴിയില്ല. പക്ഷെ എപ്പോഴും ഇതു സാധിക്കയില്ല. സാധനങ്ങൾ കൈവശമുള്ളവർ തങ്ങൾക്കാവശ്യമുള്ളതു് മാത്രമെ കൈക്കലുള്ളു എന്നു വാദിച്ചു് അവയെ ആവശ്യമുള്ള മററുള്ളവർക്കു ഒട്ടുംതന്നെ കൊടുത്തില്ലെന്നുവരാം. കൊടുത്താലും വളരെ കുറച്ചേ കൊടുത്തുള്ളു എന്നൊ കൊടുത്തതിനു് അധികവില വാങ്ങിയെന്നൊ വരാം. ജാപ്പാൻ ചൈനയെ ആക്രമിക്കുവാൻ ഒരു പ്രധാന കാരണം ജാപ്പാനിലെ വ്യവസായങ്ങൾക്കാവശ്യമുള്ള പല പദാർത്ഥങ്ങളും ചൈനയിലുണ്ടെന്നും ജാപ്പാനിൽ ഇല്ലെന്നുമാണു്. രാജ്യങ്ങൾക്കു് അസംസ്കൃതപദാർത്ഥങ്ങൾ കൈവശമാക്കേണ്ടതിന്നു് പുറമെ വ്യവസായോല്പന്നങ്ങൾ വില്ക്കേണ്ട ആവശ്യമുണ്ടല്ലൊ. നല്ല ലാഭത്തിന്നു് ധാരാളം സാധനങ്ങൾ വില്ക്കാവുന്ന സ്ഥലങ്ങൾക്കു വേണ്ടി വ്യവസായ രാജ്യങ്ങൾ മത്സരിക്കുന്നതു് പലപ്പോഴും യുദ്ധകാരണങ്ങളിൽ ഒന്നാണു്.

മേല്പറഞ്ഞ തരത്തിലുള്ള മത്സരങ്ങൾ എല്ലായ്പോഴും വ്യക്തിപരമാണു് എന്നു പറയുവാൻ പാടില്ല. ഓരോ രാജ്യത്തും തലസ്ഥാനനഗരത്തിൽ മററു പല രാജ്യങ്ങളിലെയും ഔദ്യോഗിക പ്രതിനിധികൾ ഉണ്ടായിരിക്കുന്നതാണു്. അവർ അവരുടെ രാജ്യക്കാരുടെ ഗുണത്തിന്നായി വ്യവസായപരമായും സാമ്പത്തികമായുമുള്ള ഏർപ്പാടുകൾ ചെയ്യേക്കാം. ചിലർക്കു പ്രത്യേക സഹായങ്ങൾ കിട്ടുന്നതു് മററുള്ളവർക്കു് രസമാകയില്ല. ഇങ്ങനെയാണു് മത്സരം തുടങ്ങുന്നതും വർദ്ധിക്കുന്നതും, മൂർദ്ധന്യത്തിലെത്തി യുദ്ധം തുടങ്ങുന്നതും. ചുരുക്കത്തിൽ അസംസ്കൃതപദാർത്ഥങ്ങളുടെ ഉടമാവകാശത്തിൽ അസമത്വം കച്ചവടകാര്യത്തിൽ മത്സരം, ജനസംഖ്യ വർദ്ധിച്ചു ഭക്ഷണ സാധനത്തിനും വാസസ്ഥലത്തിനുമുണ്ടാകുന്ന ക്ലേശം ഇവയാണു് യുദ്ധങ്ങൾക്കുള്ള മുഖ്യ സാമ്പത്തിക കാരണങ്ങൾ എന്നു പറയാം.

യുദ്ധം തുടങ്ങുവാൻ കാരണങ്ങൾ പലതുമുണ്ടു്; യുദ്ധത്തിനുള്ള സംരംഭങ്ങളും ഇക്കാലത്തു വിവിധങ്ങളാണു്. ആകാശത്തിലും, കരയിലും കടലിലും, കടലിന്നടിയിലും യുദ്ധം നടത്തുവാൻ കക്ഷികൾ ഇക്കാലത്തു സകല സാമഗ്രികളും ശേഖരിക്കേണ്ടതായിരിക്കുന്നു. ഇവ കൂടാതെ മിത്രത്തെ ധൈര്യപ്പെടുത്തുവാനും ശത്രുവിനെ അധൈര്യപ്പെടുത്തുവാനുമായി പണ്ടത്തെ മോഹനാസ്ത്രത്തെപ്പോലെ ഇപ്പോൾ പ്രചരണം ഒരു യുദ്ധനയമാണു്. മേല്പറഞ്ഞവയെപ്പോലെ പ്രബലപ്പെട്ട ഒരു സാമ്പത്തിക സമരനിരയും ശത്രുക്കളെ തോല്പിക്കുവാൻ വളരെ ഉപയോഗപ്പെടുമെന്നു് ഇപ്പോൾ ഏവർക്കും അറിയാം.

ഇനിയുള്ള കാലങ്ങളിൽ ഒരു യുദ്ധത്തിന്റെ തീരുമാനം ശത്രുസൈന്യങ്ങൾ കൂട്ടിമുട്ടുന്ന പോർക്കളത്തിൽവെച്ചായിരിക്കുമൊ എന്നു

സംശയമാണ്. ഹുങ്കാരത്തോടുകൂടി നിരന്തരം ചക്രങ്ങൾ തിരിഞ്ഞുകൊണ്ടിരിക്കുന്ന വ്യവസായശാലകളിലും, പച്ചപ്പുൽനിറഞ്ഞ മേച്ചിൽസ്ഥലങ്ങളിലും, വിളതിങ്ങി നില്ക്കുന്ന വയലുകളിലും ആയിരിക്കും വിജയമൊ, അപജയമൊ തീൎച്ചപ്പെടുന്നതു്. വിശപ്പടക്കുവാനും സമരം നടത്തുവാനും ആൎക്കാണ് കൂടുതൽ സാമഗ്രികൾ ഉള്ളതും ഉണ്ടാക്കാവുന്നതും എന്നുവെച്ചാൽ അവരായിരിക്കും ആധുനിക യുദ്ധത്തിൽ വിജയികളായി ശേഷിച്ചു നില്ക്കുക. യുദ്ധത്തിൽ സാമ്പത്തിക നയത്തിൻെറ ഉദ്ദേശം മേല്പറഞ്ഞ സാമഗ്രികൾ എതിരാളികൾക്കുള്ളതു് നശിപ്പിക്കുകയും അവനവനും പക്ഷക്കാൎക്കും ഉള്ളതു വിപുലപ്പെടുത്തുകയും ആണ്. സാമ്പത്തിക സമരനിര സംബന്ധിച്ചുള്ള സകല ചുമതലകളും ഇപ്പോൾ ഓരോ രാജ്യത്തിലും വിദഗ്ദ്ധനായ ഒരു മന്ത്രിയുടെ കീഴിലുള്ള വലിയൊരു വകുപ്പിലാണ് സ്ഥിതിചെയ്യുന്നതു്.

കരയിലും കടലിലും മററും ഉപയോഗിക്കുവാനുള്ള യുദ്ധായുധങ്ങൾ യുദ്ധം തുടങ്ങുമ്പോൾ മാത്രമെ പ്രയോഗിക്കയുള്ളു. എന്നാൽ സാമ്പത്തികമായ ആയുധങ്ങളാകട്ടെ യുദ്ധം തുടങ്ങുവാൻ വഴിയുണ്ടു് എന്ന സംശയം വളൎന്നുവരുമ്പോൾതന്നെ ഓരോ ഭാഗക്കാർ പ്രയോഗിച്ചു് തുടങ്ങുന്നു. കാലെ തന്നെ ഭക്ഷണസാധനങ്ങളും യുദ്ധസാമഗ്രികളും ധാരാളമായി ശേഖരിക്കുകയൊ, അല്ലെങ്കിൽ അതിവേഗത്തിൽ ശേഖരിക്കുന്നതിന്നൊ ഉണ്ടാക്കുന്നതിന്നൊ വേണ്ട പദ്ധതികൾ ഒരുക്കുകയൊ ചെയ്യുന്നു. ഉദാഹരണമായി, ഇന്നത്തെ ലോകമഹായുദ്ധം തുടങ്ങുന്നതിന്നുമുമ്പിൽ പല മഹാശക്തികളും രാസയോഗവ്യവസായത്തെ (Chemical Industry) ഉത്സാഹത്തോടെ വികസിപ്പിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ സമാധാന കാലങ്ങളിൽ ഭംഗിയുള്ള നിറങ്ങളും ആരോഗ്യത്തിന്നുള്ള മരുന്നുകളും ഉണ്ടാക്കുന്ന വ്യവസായശാലകളിൽ യുദ്ധകാലത്തു ഭയങ്കരമായ വിഷവായുക്കളും മററു നാശോപകരണങ്ങളും ഉണ്ടാക്കുവാൻ എളുപ്പമാണ്. കപ്പൽ നിൎമ്മാണം മിക്ക രാജ്യങ്ങളും ഊൎജ്ജിതമായി നടത്തുന്നു. യുദ്ധകാലത്തു കച്ചവടക്കപ്പലുകളെ സാധനങ്ങൾ കടത്തുവാനും, അവയിൽ നാശസാമഗ്രികൾ സംഭരിച്ചു ശത്രുക്കളെ ഉപദ്രവിക്കുവാനും ഉപയോഗിക്കാമല്ലൊ. ഇങ്ങനെയെല്ലാം വട്ടംകൂട്ടുമ്പോൾ ഭക്ഷണപദാൎത്ഥങ്ങൾക്കു ക്ഷാമമില്ലാതിരിപ്പാൻ കൃഷി പോഷിപ്പിക്കുന്നതിനുള്ള വഴികളും അധികാരികൾ വിപുലപ്പെടുത്തുന്നതാണ്.

സാമ്പത്തിക സമരത്തിൻെറ ഒരു പ്രധാനമുഖമാണ് കൈയേററത്തിനുള്ള മത്സരം. ആദ്യത്തെ മഹായുദ്ധം കഴിഞ്ഞ് ലോകസമാധാനത്തെപ്പററി പല സംസാരവും ഉണ്ടായെങ്കിലും, ഏകദേശം ആ സമയത്തുതന്നെ പല രാജ്യങ്ങളും മത്സരിച്ചിട്ടെന്നപോലെ യുദ്ധസാമഗ്രികൾ ഉണ്ടാക്കുകയായിരുന്നു എന്നു പറയാം. ആധുനികകാലങ്ങളിൽ യുദ്ധവിഭവങ്ങൾ ഉണ്ടാക്കുവാൻ എത്ര പണമാണ് ചെലവാക്കുന്നതു എന്നു നോക്കുക: ഏകദേശം 50 കൊല്ലം മുമ്പു ഇംഗ്ലണ്ട്, ജൎമ്മനി, ഫ്രാൻസ്, റഷ്യാ, ആസ്ത്രിയാ, ഇററലി ഈ രാജ്യങ്ങളെല്ലാം കൂടി യുദ്ധസാമഗ്രികൾക്കു ചെലവാക്കിയ സംഖ്യ 1937 ൽ ഇംഗ്ലണ്ടുമാത്രമായി ചെലവാക്കി. ഏകദേശം ഈ തോതിൽത്തന്നെയാണ് ബാക്കി രാജ്യങ്ങളിലും ആയോധനച്ചെലവു (armament expenditure) വൎദ്ധിച്ചതു്. ഇതിന്നു ചില കാരണങ്ങൾ പറയാം. രാജ്യങ്ങൾ തമ്മിൽ അത്രത്തോളം രഞ്ജനയും വിശ്വാസവുമുണ്ടായിരുന്നു എന്നാണ് ഒരു കാരണം. രണ്ടാമതായി ഇതുതന്നെ തക്കം എന്നു കണ്ടു് ആയുധ വ്യവസായത്തിലേപ്പെട്ടിരുന്ന പലരും ലാഭത്തിൽ വലിയ കച്ചവടം ചെയ്യുവാൻ ഊൎജ്ജിതമായി ശ്രമിച്ചു. സാഹറോഫ് എന്നൊരാൾ മുങ്ങിക്കപ്പലുകൾ (submarines) പുതുതായി വന്ന ഇടക്കു അവയെ വില്ക്കുന്നതിന്നു ഒരു ദല്ലാളിയായിരുന്നു. ഈ സമൎത്ഥൻ പുതിയ കപ്പലിൻെറ കാൎയ്യമെല്ലാം വിസ്തരിച്ചു ഗ്രീസിലെ അധികാരികളെ മയക്കി അവരെക്കൊണ്ടു ആ രാജ്യത്തേക്കു ഒരു കപ്പൽ വാങ്ങിപ്പിച്ചു. നൂതനമായ ഒരായുധം ഗ്രീക്കുകാർ വാങ്ങിച്ചു കഴിഞ്ഞിരിക്കുന്നു എന്നു തുൎക്കിയിലെ അധികാരികൾക്കു സാഹറോഫ് വേണ്ടവിധത്തിൽ അറിവു കൊടുത്തപ്പോൾ അവൎക്കും വേണമെന്നായി കുറെ മുങ്ങിക്കപ്പലുകൾ. തുൎക്കിയിലെ വൎത്തമാനവും കൊണ്ടു് അദ്ദേഹം റഷ്യയിലെത്തി. അയൽവക്കക്കാർ പുതിയ യുദ്ധ സാമഗ്രികൾ കരുതിവരുന്നു എന്നു റഷ്യയെ അറിയിച്ചു് അവിടേക്കും ഒരു കൂട്ടം കപ്പലുകൾക്കു കരാറു സമ്പാദിച്ചു. എല്ലാവൎക്കും വേണമെന്നായി മുങ്ങിക്കപ്പലുകൾ. നിൎമ്മാണശാലകളിൽനിന്നു ഇത്തരം കപ്പലുകൾ നൂറുനൂറായി കടലിലേക്കു ഇറങ്ങിത്തുടങ്ങി. അതോടുകൂടെ ലക്ഷം ലക്ഷമായി പണം സാഹറോഫിന്നും കിട്ടിത്തുടങ്ങി.

ഏതാണ്ടു് ഇങ്ങനെ മത്സരിച്ചു ആയുധങ്ങൾ കരുതുന്നതോടുകൂടി ദീൎഘദൃഷ്ടിയുള്ള രാജ്യാധികാരികൾ കച്ചവടനയംകൊണ്ടു മററു രാജ്യങ്ങളെ കുടുക്കിലിടുവാൻ ശ്രമിക്കുന്നു. അവൎക്കു വില്ക്കുവാനുള്ളതൊക്കെ വാങ്ങുകയും ആവശ്യമുള്ളതൊക്കെ വില്ക്കുകയും ചെയ്യുമാണ് ഈ കണിവെക്കുന്നതു്. ഉദാഹരണമായി, ഒന്നാം മഹായുദ്ധം കഴിഞ്ഞശേഷം ബാൾക്കൻ രാജ്യക്കാരുടെ കോതമ്പും മററും ജൎമ്മനി നല്ല വില കൊടുത്തു വാങ്ങുവാൻ തുടങ്ങി. അവൎക്കു വേണ്ട പല വിഭവങ്ങൾ ജൎമ്മനി സംഭരിച്ചു കൊടുക്കുകയും ചെയ്തിരുന്നു. അങ്ങനെ ഒരു ക്രയവിക്രയബന്ധം ചില രാജ്യങ്ങൾ തമ്മിൽ പ്രബലപ്പെട്ടുവരുമ്പോൾ തൊഴുത്തിൽക്കുത്തു ആപൽക്കരമാകുമെല്ലൊ. യുദ്ധം വന്നാൽ ആ കൂട്ടരൊക്കെ ഒരുമിച്ചു നില്ക്കുമെന്നു വിശ്വസിക്കാം.

ഓരോ രാജ്യക്കാരും യുദ്ധമുണ്ടാകും എന്നു കരുതി ബഹുമുഖമായ സംരംഭം തുടങ്ങുന്നതുതന്നെ യുദ്ധത്തിന്നു കാരണമാകാം. ഓരോ സ്ഥലത്തും നടക്കുന്നതു മററു സ്ഥലങ്ങളിൽ അറിയുമ്പോൾ രാഷ്ട്രങ്ങൾ തമ്മിൽ സംശയവും സ്പൎദ്ധയും വൎദ്ധിക്കുകയേയുള്ളൂ. അങ്ങനെയിരിക്കുമ്പോഴാണ് ഒരു വെടി അല്ലെങ്കിൽ ഒരു കുത്തു. പിന്നെ കൂട്ടക്കൊല തുടങ്ങുകയായി. ഇതിന്നുള്ള ചെലവോ? കക്ഷിക്കാരെല്ലാവരും രൂപസ്സ് എട്ടു കിട്ടുന്ന തോട്ടമുതൽ ഏകദേശം പന്ത്രണ്ടുകോടി രൂപ വിലവരുന്ന യുദ്ധക്കപ്പലുകൾവരെ യുദ്ധം നടത്തുവാൻ കരുതേണ്ടതായിരിക്കുന്നു. ഒരു ബോമ്പർ വിമാനം തകരുമ്പോൾ നാലു ലക്ഷം രൂപയാണു പോകുന്നതു്. വലിയൊരു തോട്ട (shell) തോക്കിൽനിന്നു വിടുന്നതോടുകൂടി ഏകദേശം 14,000 ക. യാണ് പൊട്ടലും പുകയും ആയി മറയുന്നതു്. ഒന്നാം മഹായുദ്ധത്തിലേപ്പെട്ടവർ മണിക്കൂറിൽ ഒന്നേകാൽ കോടിയിലധികം രൂപ ചെലവാക്കിയിരുന്നു! കൊച്ചിരാജ്യത്തു ഒരു കൊല്ലത്തിലെ മുതലെടുപ്പിലും അധികമായ ഒരു സംഖ്യയല്ലേ ഇതു്! ആ യുദ്ധത്തിലെ കക്ഷികൾ തമ്മിൽത്തമ്മിൽ നശിപ്പിക്കാൻ ഉപയോഗിച്ച തുകകൊണ്ടു അവർ സമാധാനമായിരുന്നു എങ്കിൽ, കക്ഷിരാജ്യങ്ങളിലെല്ലാം താഴെ പറയുന്ന സുഖസൌകൎയ്യങ്ങൾ ജനങ്ങൾക്കു സജ്ജീകരിച്ചു കൊടുക്കാമായിരുന്നു. ഓരോ കുടുംബത്തിനും

5 ഏക്കർ ഭൂമി.

6,500 ക. വിലയുള്ള ഒരു വീടു്.

2,500 ക. വിലക്കുള്ള വീട്ടുസാമാനം.

ഇതിന്നുപുറമെ ഓരോ വലിയ പട്ടണത്തിലും സകല സാമഗ്രികളും ഉള്ള ഒരു വലിയ പാഠശാല.

നല്ലൊരു വായനശാല.

വിശിഷ്ടവും വിശാലവുമായ ഒരു കാഴ്ചബംഗ്ലാവു്.

ഈ വകക്കു ഉപകരിക്കാവുന്ന സ്വത്താണ് കഴിഞ്ഞ ലോകയുദ്ധത്തിൻെറ കൂട്ടക്കൊലവേളയിൽ നശിച്ചതു്. യുദ്ധം നാശാവഹമാണ്. അതു ജയിച്ചവനേയും തോററവനേയും ക്ഷീണിപ്പിക്കുന്നു. എന്നാലോ അതു് ഒഴിക്കുവാൻ വയ്യാത്ത ഒരു ബാധപോലെയാണ്. യുദ്ധം പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും; ഓരോ യുദ്ധത്തിന്നും അതിൻെറ മുൻഗാമിയേക്കാൾ കൂടുതൽ പണം വേണ്ടിവരുന്നതുമായിരിക്കും.

---

(3-ാം പേജിൽനിന്നു് തുടൎച്ച)

ഫോഗിയാ എന്ന പട്ടണം ബ്രിട്ടീഷ് എട്ടാം സൈന്യം പിടിച്ചതാണ്. ഇററലിയുടെ ഏററവും വമ്പിച്ച ഒരു വിമാനസങ്കേതമാണ് ഫോഗിയാ. ഈ സങ്കേതത്തിൽനിന്നു ഇററലിയിലുള്ള ഐക്യകക്ഷിസൈന്യങ്ങൾക്കു വേണ്ടത്ര വിമാനസൈന്യരക്ഷ കൊടുക്കാൻ സാധിക്കുന്നതിന്നുപുറമെ, ഇതുവരെ ഐക്യകക്ഷി വിമാനങ്ങൾക്കു എത്തിച്ചേരാൻ സാധിക്കാത്തതായ ജൎമ്മൻ പ്രദേശങ്ങളിലും, ജൎമ്മനിക്കധീനമായ യൂറോപ്യൻ പ്രദേശങ്ങളിലും നിഷ്പ്രയാസം ചെന്നെത്തുവാൻ സാധിക്കുകയും ചെയ്യും. ബ്രിട്ടനിൽനിന്നു് ആർ. എ. എഫ്. വിമാനങ്ങൾ ചെന്നു ജൎമ്മൻ യുദ്ധവ്യവസായ കേന്ദ്രങ്ങളെ ബോംബിട്ടു നശിപ്പിപ്പാൻ തുടങ്ങിയപ്പോൾ അനവധി വ്യവസായശാലകളെ തെക്കൻ ജൎമ്മനിക്കു സ്ഥലമാററം ചെയ്കയുണ്ടായി. ഇപ്പോൾ ഫോഗിയാ ഐക്യകക്ഷികളുടെ കയ്യിൽ വന്നതിനാൽ പുതിയ സ്ഥലങ്ങളിലും ഈ വ്യവസായങ്ങൾക്കു രക്ഷയില്ലെന്നായിരിക്കുന്നു.




ഇതു് മി. ചർച്ചിലിൻെറ ഒരു ജീവചരിത്രം ചിത്രീകരിച്ചതാണു്

(1) ബാല്യകാലം (1874)
(2) ഒരു പോക്കിരിക്കുട്ടി (ഏഴു വയസ്സ്)
(3) ഹാരോവിൽ സ്കൂൾകുട്ടി
(4) പട്ടാളത്തിൽ (1895)
(5) യുദ്ധത്തിൽ (1895-1901)
(6) കല്യാണം (1908)
(7) ഹോം സിക്രട്ടരി (1910-11)
(8) കഴിഞ്ഞ യുദ്ധത്തിൽ യുദ്ധോപകരണമന്ത്രി
(9) ഓക്സ്ഫോഡ്ഡ് സർവ്വകലാശാലയിൽനിന്നു ബിരുദ് (1925)
(10) കടൽസൈന്യ മന്ത്രി (1911-15, 1939-40)
(11) പ്രധാന മന്ത്രി 1940 മേയ് മാസം മുതല്ക്കു

# റഷ്യാ – ജർമ്മൻ യുദ്ധം

## 212-ാമത്തെ ആഴ്ച

## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ചു

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.